# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1085** — 30.09.2016 ലെ മറുപടിക്ക്

## താൽക്കാലിക വീട്ട് നമ്പർ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | ശ്രീ.കെ.റ്റി.ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ എന്നിവ ലഭിക്കുന്നതിന് താൽക്കാലിക വീട്ട് നമ്പർ നൽകണമെന്ന ഉത്തരവ് നിലവിലുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സർക്കാരിന്റെ 04.08.2012 ലെ സ.ഉ (എം.എസ്)നം.211/2012/തസ്വഭവ നമ്പർ ഉത്തരവിൽ 04.06.2012 വരെ നിർമ്മിച്ചിട്ടുള്ള 100 ചതുരശ്ര മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്ക് മാത്രം കേരള പഞ്ചായത്ത് രാജ് ആക്ട് 235(എഎ), 235(ഡബ്ല്യു), കേരള മുനിസിപ്പൽ ആക്ട് 242, 406 എന്നീ വകുപ്പുകൾ അനുസരിച്ചുള്ള നടപടികൾക്ക് വിധേയമായി താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുവാൻ അതാത് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ അധികൃതർക്ക് അധികാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് സർക്കാരിന്റെ 09.12.2015 ലെ സ.ഉ.(എം.എസ്)നം.351/2015/തസ്വഭവ ഉത്തരവ് പ്രകാരം പ്രസ്തുത ആനുകൂല്യം 04.06.2012 ന ശേഷം നിർമ്മാണം പൂർത്തിയാക്കിയ 100 ചതുരശ്ര മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്കുകൂടി താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) എങ്കിൽ പഞ്ചായത്ത് സെക്രട്ടറിമാർ താൽക്കാലിക നമ്പർ നൽകുന്നില്ലെന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം അധികൃതർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ബി) ഇല്ല. സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) കുടിവെള്ളം, വൈദ്യുതി എന്നിവയ്ക്ക് വേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിച്ച് താൽക്കാലിക വീട്ടു നമ്പർ നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുമോ? | (സി) സർക്കാരിന്റെ 04.08.2012 ലെ സ.ഉ.(എം.എസ്) നം.211/2012/തസ്വഭവ നമ്പർ ഉത്തരവും, 11.10.2012 ലെ 38476/ആർ.എ 1/2012/തസ്വഭവ നമ്പർ സർക്കുലർ എന്നിവയിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുന്ന വീടുകൾക്ക് അതാത് ഗ്രാമപഞ്ചായത്തുകൾ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ